**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - വയനാട് ജില്ലാ മിഷൻ ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ, ശ്രീ. സി.എ. മുസ്തഫയ്ക്ക് 10-ാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(കൈ) നം. 61/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 03/06/2019**

---

പരാമർശം:- 1) 29/03/2006-ലെ സ.ഉ(സാധാ)894/2006/തസ്വഭവ നമ്പർ ഉത്തരവ്

2) 13.06.2008-ലെ സ.ഉ(സാധാ)നം.1716/08/തസ്വഭവ ഉത്തരവ്

3) 07/01/2014- ലെ സ.ഉ(സാധാ)നം. 76/2014/തസ്വഭവ ഉത്തരവ്

4) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12/2/2018- ലെ 3252/ഇ 1/11/കെ.എസ്.എച്ച് നമ്പർ കത്ത്.

5) 25/07/2018-ലെ സ.ഉ(കൈ)നം.99/18/തസ്വഭവ

**ഉത്തരവ്**

പരാമർശം (1) സർക്കാർ ഉത്തരവു പ്രകാരം കുടുംബശ്രീ വയനാട് ജില്ലാ മിഷൻ ഓഫീസിൽ സൃഷ്ടിച്ച പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ കാഷ്വൽ സ്വീപ്പറായി പരാമർശം (2) പ്രകാരം സർവ്വീസ് ക്രമീകരിക്കുകയും, പരാമർശം (3) പ്രകാരം 9-ാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്തിരുന്ന ശ്രീ.മുസ്തഫയുടെ പേര് കുടുംബശ്രീയിലെ ശമ്പള സ്കെയിൽ അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണത്തിന്റെ പ്രപ്പോസൽ സമർപ്പിച്ചപ്പോൾ വിട്ടുപോയതായും, പത്താം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ ടിയാൾക്ക കൂടി ലഭ്യമാക്കി ഉത്തരവുണ്ടാകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീയിലെ ശമ്പള സ്കെയിലുകൾ അനുവദിച്ച ജീവനക്കാർക്ക് പരാമർശം (5) പ്രകാരം അനുവദിച്ച പത്താംശമ്പള പരിഷ്കരണ ഉത്തരവിലെ നിബന്ധനകൾക്ക് അനുസരിച്ച് പരാമർശം(1) പ്രകാരം സൃഷ്ടിച്ചിട്ടുള്ള കുടുംബശ്രീ വയനാട് ജില്ലാ മിഷൻ ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീ സി.എ. മുസ്തഫയ്ക്ക് 8200-13340 ശമ്പള സ്കെയിലിൽ പത്താം ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത ശമ്പള പരിഷ്കരണത്തിന് പരാമർശം(5) ഉത്തരവിലെ പ്രാബല്യ തീയതി ബാധകമായിരിക്കും.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**വി. നാഗേന്ദ്രൻ**

**ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.

ഫിനാൻസ് (യു.ഒ.നം. ഡെവ.1/360/2018 തീയതി 13/2/2019) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**